**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 500**
**29-11-2018-ലെ മറുപടിയ്ക്ക്**

**സാലറി ചലഞ്ചിൽ പങ്കാളികളായ പെഴ്സണൽ സ്റ്റാഫ്, സിവിൽ സർവീസ് ഓഫീസർമാർ, പെൻഷൻകാർ**

| ചോദ്യം<br>ശ്രീ. റോജി എം. ജോൺ | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) നവകേരള സൃഷ്ടിക്കായി ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്ന സാലറി ചലഞ്ചിൽ സംസ്ഥാനത്തെ സിവിൽ സർവീസ് ഉദ്യോഗസ്ഥരിൽ എത്ര പേർ പങ്കാളികളായി; അവരിൽ നിന്നും എത്ര കോടി രൂപ പിരിച്ചെടുക്കുവാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ; | 24.11.2018 ലെ സ്പാർക്കിലെ വിവരം അനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു (57.33%).<br>സെപ്തംബർ മാസം സ്പാർക്ക് മുഖാന്തിരം ശമ്പളം വാങ്ങിയത് 4,87,602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24.11.2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്.<br>ഒറ്റത്തവണയായി ഒരു മാസത്തെ ശമ്പളം സംഭാവന നൽകിയ ജീവനക്കാരുടെ എണ്ണം കൃത്യമായി ക്രോഡീകരിക്കപ്പെട്ടിട്ടില്ല.<br>പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ജീവനക്കാരിൽ നിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫിനു വേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടിലാണ് വരവു വയ്ക്കുന്നത്. പ്രസ്തുത അക്കൌണ്ടിൽ 28.11.2018 വരെ രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.<br>പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ് ഇൻ എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൌണ്ടിലാണ് വരവ് വയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്. |
| ബി) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പെഴ്സണൽ സ്റ്റാഫിൽപെട്ട എത്ര പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു; അവരിൽ നിന്ന് എന്തു തുക ലഭ്യമായി; | മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പെഴ്സണൽ സ്റ്റാഫിൽ ഉൾപ്പെട്ട 451 പേർ ഒക്ടോബർ മാസത്തിൽ സാലറി ചലഞ്ചിൽ പങ്കെടുത്തു. സെപ്തംബർമാസത്തിൽ സാലറി ചലഞ്ചിൽ പങ്കെടുത്തവരിൽ (452) ഒരാളെ 28.09.2018 ൽ വിടുതൽ ചെയ്തു .<br>സാലറി ചലഞ്ചിൽ പങ്കെടുക്കുവാൻ സമ്മതപത്രം നൽകിയ പെഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ എണ്ണം 456 ആണ്.നാലു പേരുടെ സാലറിസ്ലിപ് അക്കൌണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ശമ്പളം വിതരണം ചെയ്തിട്ടില്ല . അവരിൽ നിന്നും ഇതുവരെ 52,34,200/- രൂപ പൊതുഭരണ (അക്കൌണ്ട്സ് -സി) വകുപ്പ് മുഖാന്തിരവും 18,33,649/- രൂപ നേരിട്ടും സാലറി ചലഞ്ചിലേയ്ക്കും നൽകിയിട്ടുണ്ട്. |

| | |
|---|---|
| സി) മുഖ്യമന്ത്രിയുടെ ഉപദേശകരിൽ എത്ര പേർ ഇതിൽ പങ്കാളികളായി; അവരിൽ നിന്നും ഈയിനത്തിൽ എന്തു തുക ലഭ്യമായി; | മുഖ്യമന്ത്രിയുടെ ഉപദേശകരിൽ പൊതുഭരണ (അക്കൌണ്ട്സ് –സി) വകുപ്പ് മുഖാന്തിരം ശമ്പളം കൈപ്പറ്റുന്ന രണ്ടുപേരും സാലറി ചലഞ്ചിൽ പങ്കാളികളായി. അവരിൽ നിന്നും ഇതുവരെ 25904/- രൂപ പൊതുഭരണ (അക്കൌണ്ട്സ് –സി) വകുപ്പ് മുഖാന്തിരവും 100000/- രൂപ നേരിട്ടും സാലറി ചലഞ്ചിലേയ്ക്കും നൽകിയിട്ടുണ്ട്. |
| ഡി) നവകേരള സൃഷ്ടിക്കായി സംസ്ഥാനത്തെ പെൻഷൻകാരിൽ നിന്നും ഇതുവരെ എത്ര തുക സംഭാവനയായി ലഭിച്ചു എന്ന് അറിയിക്കുമോ ? | കേരള സംസ്ഥാന സർവീസ് /ഫാമിലി പെന്ഷന്കാർ അവരുടെ പെൻഷനിൽ നിന്ന് തുക കുറവ് ചെയ്തു ബഹു:മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകണമെന്ന് ട്രഷറികളിൽ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ നാളിതുവരെ ട്രഷറി വകുപ്പ് പെന്ഷന്കാരുടെ ആക്കൌണ്ടുകളിൽ നിന്ന് ബഹു:മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് രൂ.44806319/-(നാല് കോടി നാൽപ്പത്തെട്ടു ലക്ഷത്തി ആറായിരത്തി മുന്നൂറ്റി പത്തൊൻപതു രൂപ )സമാഹരിച്ചിട്ടുണ്ട്. പെൻഷൻ അക്കൌണ്ടുകളിൽ നിന്നും താൽപ്പര്യപ്രകാരം കുറവ് ചെയ്തു CMDRF-ൽ അടച്ച തുകയുടെ കണക്ക് മാത്രമേ ഇതിൽ ഉൾക്കൊള്ളുന്നുള്ളൂ.ഭൂരിപക്ഷം പെൻഷന്കാരും ബന്ധപ്പെട്ട സംഘടനകൾ മുഖാന്തിരം CMDRF ലേക്ക്നേരിട്ട് സംഭാവന നൽകുകയാണ് ചെയ്യുന്നത് എന്നാണ് മനസിലാക്കുന്നത് . |

സെക്ഷൻ ഓഫീസർ